LIBRARY ARCHIVES Kerala Legislative Assembly

പീരുമേട്ടിലെ തോട്ടം തൊഴിലാളികളിൽ സൗജന്യ റേഷനർഹരായവരെ തെരഞ്ഞെടുത്ത രീതി

31 [2683] ശ്രീ. ടി. എച്ച്. മുസ്തഫ:
,, കെ. മുഹമ്മദാലി:
,, ജോർജ് ജെ. മാത്യു:
,, കെ. എ. ചന്ദ്രൻ:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിലെ തോട്ടം തൊഴിലാളികൾക്ക് 2003 മാർച്ച് അവസാനം മുതൽ സൗജന്യ റേഷൻ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനർഹരായവരെ തെരഞ്ഞെടുത്ത രീതി എപ്രകാരമാണെന്ന് വിശദീകരിക്കാമോ;

(സി) സൗജന്യ റേഷന് അർഹത ലഭിച്ചവരുടെ ലിസ്റ്റ് ഗ്രാമ പഞ്ചായത്ത് ഓഫീസിലോ വില്ലേജ് ഓഫീസിലോ പരസ്യപ്പെടുത്തിയിട്ടുണ്ടോ;

(ഡി) സൗജന്യ റേഷൻ നൽകുന്നതിന് ബന്ധപ്പെട്ട ഡിപ്പോയിൽ നിന്നും കയറ്റി അയയ്ക്കുന്ന അരി തന്നെയാണോ റേഷൻ കടകൾ വഴി കൊടുത്തിട്ടുള്ളതെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പീരുമേട് താലൂക്കിലെ വില്ലേജ് ഓഫീസർമാരും, പീരുമേട് പ്ലാന്റേഷൻ ഇൻസ്പെക്ടറും സംയുക്തമായാണ് അർഹതപ്പെട്ടവരെ തെരഞ്ഞെടുത്തത്.

(സി) ഇല്ല. റേഷൻ കടകളിൽ ലിസ്റ്റ് പരസ്യമായി പ്രദർശിപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ഡിപ്പോയിൽനിന്നും ലഭിച്ച ഗുണനിലവാരമുള്ള അരിയാണ് വിതരണം ചെയ്തുവരുന്നത്.

(ഇ) ഇടുക്കി ജില്ലാ ലേബർ ഓഫീസറും പീരുമേട് ഡെപ്യൂട്ടി ലേബർ ഓഫീസറും, പീരുമേട് താലൂക്ക് സപ്ലൈ ഓഫീസറും ചേർന്ന് ഈ പ്രദേശങ്ങളിലെ വിവിധ റേഷൻ കടകൾ പരിശോധിക്കുകയും തൊഴിലാളികളെ നേരിൽകണ്ട് വിവരങ്ങൾ ആരായുകയും ചെയ്താണ് അരിയുടെ ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ളത്.